(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (293) ഗവൺമെന്റിന്റെ സാമ്പത്തിക പ്രതിസന്ധി

ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തിക പ്രതിസന്ധിമൂലം എത്ര തവണ ട്രഷറി അടയ്ക്കുകയോ, ട്രഷറി ഇടപാടുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്നറിയിക്കുമോ;

(ബി) ഓരോ തവണയും ഇപ്രകാരമൊരു നടപടി സ്വീകരിക്കാനുണ്ടായതിന്റെ കാരണം വ്യക്തമാക്കിക്കൊണ്ട് പുറപ്പെടുവിച്ച നിർദ്ദേശങ്ങളുടെ കോപ്പി ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി കൈകാര്യം ചെയ്യുന്നതിൽ 1996 ജൂൺ മാസം മുതൽ 31.5.1999-വരെ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തിക പ്രതിസന്ധി മൂലം ട്രഷറി അടയ്ക്കുകയോ, ട്രഷറി ഇടപാടുകൾക്ക് അധിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല.

(ബി) മുൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറുപടി ഉദിക്കുന്നില്ല.

(സി) നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും, പദ്ധതിയേതര ചെലവുകൾ പരമാവധി കുറച്ചും, കേന്ദ്രത്തിൽനിന്ന് കൂടുതൽ സഹായം ആവശ്യപ്പെട്ടും സാമ്പത്തിക ഞെരുക്കം ഒഴിവാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സാമ്പത്തിക പ്രതിസന്ധി ഉണ്ടാവാതിരിക്കാൻവേണ്ടി ഈ സർക്കാർ കാലാകാലങ്ങളിൽ വ്യയനിയന്ത്രണ ഉത്തരവുകൾ പുറപ്പെടുവിക്കുന്നുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളും അർദ്ധ സർക്കാർ സ്ഥാപനങ്ങളുമുൾപ്പെടെ സംസ്ഥാന ബജനാവിൽനിന്നും പണം പറ്റുന്ന എല്ലാ സ്ഥാപനങ്ങൾക്കും ബാധകമാക്കിയിട്ടുള്ള ഈ നടപടികൾ കർശനമായി പാലിക്കുവാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തസ്തിക സൃഷ്ടിക്കൽ, വാഹനം വാങ്ങൽ എന്നീ കാര്യങ്ങൾ പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനുംവേണ്ടി ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെയും ചീഫ് സെക്രട്ടറിയുടെയും അദ്ധ്യക്ഷതയിലുള്ള രണ്ട് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കുവാൻ ധനകാര്യവകുപ്പിൽ നോൺ ടാക്സ് റവന്യൂ സെൽ എന്നൊരു വിഭാഗം രൂപീകരിച്ചിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ടി-സെൽ മിക്കവാറും വിവിധ വകുപ്പുകളിലെ ഫീസുകൾ/സർവ്വീസ് ചാർജ്ജുകൾ വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

വിച്ചുകഴിഞ്ഞു. ബാക്കിയുള്ള വകുപ്പുകളിലെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഏതാണ്ട് പൂർത്തിയായിട്ടുണ്ട്.

2 (294) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം

ശ്രീ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒൻപതാം പദ്ധതി അവസാനിക്കുമ്പോൾ ദേശീയ നിലവാരത്തിൽ എത്തുന്നതിന് എത്ര കോടി രൂപയുടെ മുതൽമുടക്കാണ് കേരളത്തിന് ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1999 മാർച്ച് 31 വരെ പൊതു സ്വകാര്യമേഖലകളിലായി എത്ര കോടി രൂപയുടെ മുതൽമുടക്കാണ് നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) 1998-99 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ റവന്യൂ വരുമാനത്തിൽ ബഡ്ജറ്റിൽ പ്രതീക്ഷീച്ചതിനേക്കാൾ എത്ര കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ കേരളത്തിന്റെ റവന്യൂ കമ്മി എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഇ) കേരളത്തിന്റെ റവന്യൂകമ്മിയിലുണ്ടാകുന്ന അനിയന്ത്രിതമായ വർദ്ധന തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(എഫ്) 1996-97, 1997-98, 1998-99 സാമ്പത്തിക വർഷങ്ങളിൽ ജനകീയാസൂത്രണത്തിനുവേണ്ടി എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും അതിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ജി) 1998-99 സാമ്പത്തിക വർഷത്തിലെ പദ്ധതി അടങ്കൽ എത്രയാണെന്നും അതിൽ എത്ര ചെലവായി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒൻപതാം പദ്ധതിക്കാലത്ത് പ്രതിശീർഷ വരുമാനം ദേശീയ തലത്തിലുള്ളതിനോട് തുല്യമാകണമെങ്കിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ദേശീയ തലത്തിൽ ലക്ഷ്യമിട്ടിട്ടുള്ള 7 ശതമാനം വളർച്ചാ നിരക്ക് കവിഞ്ഞിരിക്കണമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഈ നേട്ടം കൈവരിക്കണമെങ്കിൽ പദ്ധതിക്കാലത്ത് ഏകദേശം 52,000 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകേണ്ടതാണെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിൽ 16,100 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതമായും 7000 കോടി രൂപ കേന്ദ്ര മുതൽമുടക്കായും 28,900 കോടി രൂപ സ്വകാര്യ മേഖലാ നിക്ഷേപമായും ഉണ്ടാകേണ്ടതാണെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ബി) 1999 മാർച്ച് 31 വരെ 8149 കോടി രൂപയുടെ സംസ്ഥാന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്വകാര്യ മേഖലയിലെ മുതൽ മുടക്ക് കണക്കാക്കിയിട്ടില്ല.

(സി) അക്കൗണ്ടന്റ് ജനറലിൽനിന്ന് 1998-99-ലെ കണക്കുകൾ ലഭിച്ചിട്ടില്ല.

(ഡി) 1996-97 - 643.03 കോടി രൂപ

1997-98 - 1122.91 കോടി രൂപ

205/2010.

LIBRARY ARCHIVES Kerala Legislative Assembly